കേരള സർക്കാർ

നം.55/ഡി.ബി.2/19/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, 19.02.2019

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് -തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തനങ്ങൾ -അവലോകനം നടത്തുന്നത്- നിർദ്ദേശങ്ങൾ-പുറപ്പെടുവിക്കുന്നു.

സൂചന:- 1) ആരോഗ്യ കുടുംബക്ഷേമ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 29/10/2018 ലെ എൻ.എച്ച്.എം/5439/സിഎസ്ഡി/2018/എസ് പി എം എസ് യു നം. കത്ത്

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/12/2018 ലെ 4.44 നമ്പർ തീരുമാനം

സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്ററിന്റെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെയും നേതൃത്വത്തിൽ രോഗ പ്രതിരോധം, രോഗ ചികിത്സ,ആരോഗ്യ പരിപോഷണം, പുനരധിവാസം, സാന്ത്വന പരിപാലനം തുടങ്ങിയ ആരോഗ്യ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും ഇത്തരം പ്രവർത്തനങ്ങൾ വാർഡ് തലത്തിലും പഞ്ചായത്ത് /മുനിസിപ്പാലിറ്റി തലത്തിലും അവലോകനം നടത്തണമെന്നും ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തണമെന്നും അതിന് സർക്കാർ നിർദ്ദേശം പുറപ്പെടുവിക്കണമെന്നും പരാമർശം (1) പ്രകാരം ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം രണ്ടിലെ തീരുമാന പ്രകാരം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

a) നിർവ്വഹണ ഉദ്യോഗസ്ഥൻമാരെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നടത്തുന്ന അവലോകനയോഗത്തിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതാണ്.

b) ജെ.പി.എച്ച്.എൻ അടക്കമുള്ളവരുടെ പ്രവർത്തനം പ്രത്യേകമായി അവലോകനം ചെയ്യേണ്ടതും വാർഡ് തലത്തിലെ സാനിട്ടേഷൻ കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുമാണ്.

c) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ,മറ്റ് മുൻ കരുതലുകൾ എന്നിവ സമയാസമയത്തു തന്നെ കാര്യക്ഷമമായി നടത്തേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
ഡയറക്ടർ,ആരോഗ്യകുടുംബക്ഷേമ വകുപ്പ്,തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ/നഗരസഭാ സെക്രട്ടറിമാർക്കും(നഗരകാര്യഡയറക്ടർ മുഖാന്തിരം)
എല്ലാ ബ്ളോക്ക് പഞ്ചായത്ത്സെക്രട്ടറിമാർക്കും(ഗ്രാമ വികസനകമ്മീഷണർ മുഖാന്തിരം))
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം
ആരോഗ്യകുടുംബക്ഷേമ വകുപ്പ്
തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , (ഡിബി2/55/19/)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ